പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 1448 | 03.10.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## സർക്കാർ-സ്വകാര്യ ലാബുകളുടെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തു പ്രവർത്തിക്കുന്ന സർക്കാർ ലബോറട്ടറികളിൽ (എച്ച്.എം.സി നടത്തുന്നവയിൽ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യത്യസ്ത നിരക്കിൽ ലാബ് ഫീസ് ഈടാക്കിവന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ദേശീയ ആരോഗ്യ ദൗത്യംവഴി നടപ്പിലാക്കിയിട്ടുള്ള ലാബുകളിലെ ഫീസ് നിരക്ക് നിശ്ചയിക്കാനുള്ള ഉത്തര വാദിത്തം അതാത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയ്ക്കാണ്. |
| ബി) | സ്വകാര്യ ലാബുകൾ നിയന്ത്രണമില്ലാതെ രോഗികളിൽ നിന്നും ഫീസ് ഈടാക്കുന്നതും യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരെ നിയമിച്ച് പരിശോധന നടത്തുന്നതും കൃത്രിമ മരുന്നുകൾ പ്രയോഗിച്ചുള്ള പരിശോധന നടത്തുന്നതും നിയന്ത്രിക്കാൻ ഒരു നിയമ നിർമ്മാണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) & സി) | സ്വകാര്യ മേഖലയിലെ ഫീസ് ഏകീകരണത്തിനും മറ്റ് മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനും അതിലൂടെ അമിത ചികിത്സ ചെലവ് കുറയ്ക്കുന്നതിനും ചൂഷണങ്ങൾ തടയുന്നതിനും ഉള്ള 'ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്ബിൽ' സർക്കാരിന്റെ പരിഗണനയിലാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെയും, ലാബുകളുടെയും നഴ്സിംഗ് ഹോമുകളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ പ്രധാന ലക്ഷ്യം. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം വരുന്നതോടെ സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും പ്രവർത്തനത്തിനുമേൽ നിയന്ത്രണം സാധ്യമാകും. |
| സി) | ഇത്തരം സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും എച്ച്.എം.സി നടത്തുന്ന ലാബുകളിൽ ഏകീകൃത ഫീസ് നടപ്പിലാക്കാനും വേണ്ട നിയമനിർമ്മാണം ഉൾപ്പെടെ എന്തെല്ലാം നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ